Reg. No.

Name :

**W 101**

# DIET WAYANAD
# SSLC PRE-MODEL EXAMINATION - MARCH 2022
# കേരളപാഠാവലി

**സമയം : $1\frac{1}{2}$ മണിക്കൂർ** **ആകെ മാർക്ക് : 40**

## PART - I

A. 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക (1 സ്കോർ വീതം) (4x1 = 4)

1. പലനാളിവളുണ്ടു കാത്തിടുന്നു
   ഖലനാമെന്റെ വിയോഗഭിക്ഷ സാധ്വി.
   അടിവരയിട്ട പദം സൂചിപ്പിക്കുന്നതാരെ?
   (സർവ്വദമനൻ, ദുഷ്ഷന്തൻ, ശകുന്തള, ദുർവ്വാസാവ്)
2. 'നേരേ നിന്നോടെടോ ഞാൻ പുനരാരെന്നും പറയാം
   പാരിലെന്നെയിന്നാരറിയാതവർ?'
   കലിയുടെ വാക്കുകളിൽ തെളിയുന്ന ഭാവമെന്ത്?
   (അഹംഭാവം, പ്രതികാരം, ശത്രുത, സ്നേഹം)
3. "ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ എടുത്ത് മുക്കുന്നതിന് ഒരാൾക്ക് മരം കൊണ്ടുള്ള മുള്ളും കയ്‌ലും കൂടി ആവശ്യമില്ല" - ഈ വാക്യത്തിലൂടെ വെളിവാകുന്ന മെത്രാന്റെ സ്വഭാവ സവിശേഷതയെന്ത്?
   (പരോപകാരം, ദയ, ലാളിത്യം, ഭക്ഷണത്തോടുള്ള താൽപര്യം)
4. "ഞാൻ ഇന്ത്യയിൽ ജനിക്കാനാഗ്രഹിക്കുന്നു മാഡം.... ഇന്ത്യ എന്തു നല്ല നാടാണ്" - വൃദ്ധൻ ഇങ്ങനെ പറയാൻ കാരണമെന്ത്?
   (• ഇന്ത്യ ഒരു മതേതര രാജ്യമാണ്.
   • ഇന്ത്യക്കാർ മാതാപിതാക്കളെ ദൈവത്തെപ്പോലെ കരുതുന്നതുകൊണ്ട്.
   • ഇന്ത്യ ഒരു ജനാധിപത്യരാജ്യമാണ്.
   • ഇന്ത്യയിൽ കുടുംബ ബന്ധങ്ങൾക്ക് കെട്ടുറപ്പില്ലാത്തതുകൊണ്ട്)
5. ഘടക പദങ്ങളാക്കിയെഴുതുക?
   ഗജാശ്വരഥങ്ങൾ
6. 'കേണുവാണിവിടെ, യേകുമർഥിയാം
   പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ'
   നളിനിയുടെ ഈ വാക്കുകളിൽ പ്രകടമാകുന്നത്?
   - തന്റെ ജീവിതം നിഷ്ഫലമാണെന്ന ചിന്ത
   - തന്റെ ആഗ്രഹം ഒരിക്കൽ സഫലമാകുമെന്ന ചിന്ത
   - ദിവാകരൻ തന്നെ ഒരിക്കലും തിരിച്ചറിയില്ലെന്ന ആശങ്ക
   - ദിവാകരനെ ഒരിക്കലും കാണാനാവില്ലെന്ന ചിന്ത

B. 7 മുതൽ 9 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക (1 സ്കോർ വീതം) (3x1=3)

7. വഴിയരികിൽ വലിച്ചെറിയപ്പെട്ട ഒരു പാറക്കഷണം പോലെയല്ലേ ഇപ്പോൾ എന്റെ അവസ്ഥ
അടിവരയിട്ട പ്രയോഗം ദസ്തയേവ്സ്കിയുടെ ഏത് ജീവിതാവസ്ഥയെയാണ് സൂചിപ്പിക്കുന്നത്?

- കുടുംബത്തോടുള്ള ജീവിതം
- കടുത്ത ഏകാന്തത
- രോഗാതുരമായ അവസ്ഥ
- സാമ്പത്തിക ഞെരുക്കം

8. അർഥ വ്യത്യാസം വരാതെ രണ്ടു വാക്യങ്ങളായി മാറ്റി എഴുതുക
മുക്കാലും കുരുടിയായിരുന്ന ആ മുത്തിത്തള്ളയാണ് ചെറുകഥാ രചനയിൽഎന്റെ ആദ്യത്തെ ഗുരുനാഥ.

9. മാതൃകപോലെ എഴുതുക?
ദാശരഥി - ദശരഥന്റെ പുത്രൻ
വൈരസേനി -

## PART - II

A. ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് ഉത്തരമെഴുതുക (2 സ്കോർ) (1x2=2)

10. 'എത്രയും ചഞ്ചലമാലയസംഗമം'
- എഴുത്തച്ഛൻ
ആലയസംഗമത്തെ കവി എന്തിനോടെല്ലാമാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?

B. 11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരമെഴുതുക (2 സ്കോർ) (1x2=2)

11. മണ്ണിനടിയിൽ ചതഞ്ഞ്, മുഖംപൊട്ടി, വികൃതമായി, ഒന്നിനെയും തിരിച്ചറിയാനാവാത്ത വിധത്തിൽ മുടിയും തൊലിയും ഉരിഞ്ഞു പറിഞ്ഞ്....
മിറലിന്റെ മാനസികാവസ്ഥ പ്രകടമാക്കുന്ന ഈ വരികളിൽ നിന്നും വ്യക്തമാകുന്നതെന്തെല്ലാമെന്ന് കണ്ടെത്തി എഴുതുക?

12. ''അവർ പറഞ്ഞതെല്ലാം പാകപ്പെടുത്തി, സ്വന്തം വകയായി ചില സരസ്വതീ വിലാസങ്ങളും ചേർത്ത് ഞാൻ ആ മടയനായ മകന് തുടരെത്തുടരെ കത്തുകൾ എഴുതി അയച്ചു.''
(എസ്.കെ. പൊറ്റക്കാട്)
'സരസ്വതീ വിലാസങ്ങൾ' എന്ന പ്രയോഗം നൽകുന്ന സൂചനകൾ എന്തെല്ലാം? വിശദമാക്കുക?

## PART - III

A. 13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക (3 സ്കോർ വീതം) (3x3=9)

13. മെത്രാൻ ആ സമയത്ത് കുനിഞ്ഞു നിന്ന് കൊട്ട തടത്തിൽ വീണതുകൊണ്ട് കേടുവന്ന ഒരു പൂച്ചെടിയെ സൂക്ഷിച്ചുനോക്കി വ്യസനിക്കുകയായിരുന്നു. - (പാവങ്ങൾ)
ഇതിൽ തെളിയുന്ന മെത്രാന്റെ സ്വഭാവ സവിശേഷതകൾ എഴുതുക?

14. 'വിക്രയമില്ലെന്നാകിലെന്തെടോ
വയ്ക്ക ചൂതിനായെന്നെപ്പണയം'
കലിയുടെ ഈ വാക്കുകൾ പുഷ്കരന്റെ മനസ്സിനെ പൂർണമായും കീഴ്പ്പെടുത്താൻ ഉപകരിക്കുന്നതാണോ?
നിങ്ങളുടെ നിരീക്ഷണം കണ്ടെത്തിയെഴുതുക?

15. അശ്വത്ഥാമാവിനെ ചിരഞ്ജീവിയായി കൽപ്പിച്ചിരിക്കുന്നതിലൂടെ വ്യാസൻ നൽകുന്ന സന്ദേശമെന്ത്

16. ''ഈ പുലർച്ചെ ആരാ വരാമ്പറഞ്ഞത്?''. പാറാവുകാരൻ പരുക്കനായി പറഞ്ഞു.
''ആപ്പീസ് തുറക്കട്ടെ''.
ഏതോ ശീലത്തിന്റെ സ്വാധീനത്തിൽ പാറാവുകാരൻ കടലാസ് നിവർത്തിനോക്കി.
പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായി.

പാറാവുകാരന്റെ ഈ മനോഭാവ മാറ്റത്തിന്റെ കാരണം സന്ദർഭം വിശകലനം ചെയ്ത് കണ്ടെത്തിയെഴുതുക?

B. ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് ഉത്തരമെഴുതുക. (3 സ്കോർ) (1x3=3)

17. ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൽ മനുഷ്യത്വമാണു ഞാൻ
(അശ്വമേധം)

വയലാറിന്റെ കാവ്യ സമീപന രീതികളുടെ എന്തെല്ലാം പ്രത്യേകതകളാണ് ഈ വരികളിൽ തെളിയുന്നത്? കുറിപ്പു തയ്യാറാക്കുക?

## PART - IV

A. 18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക (4 സ്കോർ വീതം) (2x4=8)

18. ''മടങ്ങി വരുമ്പോൾ ഞാനുണ്ടായി എന്നു വരില്ല. പക്ഷേ എനിക്ക് നിന്റെ മനസ്സിലെങ്കിലും ജീവിക്കണം'' - (വിശ്വരൂപം)

മാഡം തലത്ത് സുധീറിനോട് ഇപ്രകാരം പറയാനിടയായ സാഹചര്യം വിലയിരുത്തി കുറിപ്പു തയ്യാറാക്കുക.

19. ''പണ്ടു നിന്നെയൊരിളം കുരുന്നതായ്
കണ്ടുഞാൻ, സപദി വല്ലിയായി നീ''

ഇളംകുരുന്ന്, വല്ലി എന്നീ പ്രയോഗങ്ങൾ സന്ദർഭത്തിന് നൽകുന്ന സവിശേഷ അർത്ഥം കണ്ടെത്തുക?

20. ''വല്ലതെന്നുള്ള മന്നാളൊരു മലിനതയേ-
റ്റേറെ മന്ദിച്ചിരുന്നു''
''ഇന്നക്കണ്ണീർ ചുളിവെഴുമിമയ്ക്കുള്ളിൽ നിന്നേ തുടച്ചി-
ട്ടന്തസ്താപം സുമുഖി, ദയിതേ! ചെറ്റു ഞാനാറ്റിടട്ടേ''

കുടുംബ ജീവിതത്തിന്റെ ഭദ്രതയ്ക്കുവേണ്ടി തെറ്റുകൾ ഏറ്റു പറയുകയും തിരുത്താൻ തയ്യാറാവുകയും ചെയ്യുകയാണ് ദുഷ്യന്തൻ. ഇത് നമ്മുടെ സമൂഹത്തിനു നൽകുന്ന സന്ദേശമെന്ത്? പാഠഭാഗത്തിന്റെ സമകാലിക പ്രസക്തി വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക?

B. 21 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരമെഴുതുക (4 സ്കോർ) (1x4=4)

21. 'എന്നാൽ സാന്താമായി ഒരു 'മഹാർ' ആണെന്നു മനസ്സലായപ്പോൾ ചെരുപ്പുകുത്തി ചെരുപ്പു തുന്നാൻ കൂട്ടാക്കിയില്ല' - ശരൺകുമാർ ലിംബാളെ

ഈ വാക്കുകളിലൂടെ വെളിപ്പെടുന്ന സാമൂഹ്യ വിമർശനം വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

22. ‘അവന്നു ചുറ്റും ബിംബ -

ഭഞ്ജക പരിവേഷ -

മണിയിക്കുവാനേതോ

ക്യാമറ കൺ ചിമ്മുന്നു!...

(മൈക്കലാഞ്ജലോ മാപ്പ്)

വരികളിലെ കാലിക പ്രസക്തി കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക?

## PART - V

A. 23 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരമെഴുതുക (5 സ്കോർ) (1x5=5)

23. ചിരപരിചിതമായ ജീവിത ചുറ്റുപാടുകളിൽ നിന്നെടുത്ത ഉദാഹരണങ്ങളിലൂടെ ഗഹനമായ ജീവിത ദർശനങ്ങളെ ആവിഷ്കരിക്കുകയാണ് എഴുത്തച്ഛൻ. ഈ പ്രസ്താവനയെ ലക്ഷ്മണ സാന്ത്വനം എന്ന പാഠത്തെ മുൻനിർത്തി ഉപന്യസിക്കുക!

24. “ഞാൻ യജ്ഞം ചെയ്തു, ഭരിക്കേണ്ടവരെ ഭരിച്ചു, ഭൂമിയടക്കിവാണു. ശത്രുക്കളുടെ തലയിൽ കാൽവച്ചു. ആർക്കുള്ളൂ എന്റേതിനേക്കാൾ നല്ല അവസാനം?

“പുണ്യവും ത്രൈലോക്യപ്രസിദ്ധവുമായ സമന്തപഞ്ചകത്തിൽക്കിടന്നു മരിക്കുകയാൽ ഞാൻ ശാശ്വതലോകങ്ങൾ നേടും”.

- യുദ്ധത്തിന്റെ പരിണാമം.

സംഭാഷണങ്ങളെയും പാഠസന്ദർഭങ്ങളെയും അപഗ്രഥിച്ച് അതിൽ തെളിയുന്ന സ്വഭാവ സവിശേഷതകൾ കണ്ടെത്തി ദുര്യോധനൻ എന്ന കഥാപാത്രത്തിന്റെ നിരൂപണം തയ്യാറാക്കുക?

---